"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം ജില്ലയിലെ ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ ശ്രീമതി വിപ്സി.വി.പി യുടെ 01.07.2024 മുതൽ 14.07.2024 വരെയുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.9741/2025/GEDN തീയതി,തിരുവനന്തപുരം, 17-11-2025

---

പരാമർശം:-
1) ശ്രീമതി. വിപ്സി വി.പി. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി
2) എസ്.എൻഡി.പി. യോഗം സ്കൂൾസ് ജനറൽ മാനേജരുടെ 20.08.2025 ലെ കത്ത്.
3) എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.07.2025 ലെ ഡിഇഒഇകെഎം/1590/2025-ബി1 നമ്പർ കത്ത്.
4) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04.08.2025 ലെ ഡിഡിഇഇകെഎം/4914/2025-ബി2 നമ്പർ കത്ത്.
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.08.2025 ലെ ഇസി3/14338/2025/ഡിജിഇ. നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ ശ്രീമതി വിപ്സി.വി.പി തന്റെ 01.07.2024 മുതൽ 14.07.2024 വരെയുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ ഹർജി വിശദമായി പരിശോധിക്കുന്നതിനായി പരാതിക്കാരിയെയും മറ്റു കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2. പരാതിക്കാരിയുടെ വാദങ്ങൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരമാണ്:-

"കൊല്ലം ജില്ലയിലെ നീരാവിൽ എസ്.എൻ.ഡി.പി.എച്ച്.എസ് ൽ 15.07.2021 മുതൽ വിരമിക്കൽ ഒഴിവിൽ യു.പി.എസ്.ടി ആയി നിയമിച്ച ശ്രീമതി. വിപ്സി.വി.പി യുടെ നിയമനം ഭിന്നശേഷി സംവരണം പാലിച്ച് ശമ്പള സ്കെയിലിൽ താൽക്കാലികമായി അംഗീകരിച്ച നൽകിയിട്ടുണ്ട്. അപ്രകാരം തുടരവെ ടിയാളെ ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ ലഭ്യമായ വിരമിക്കൽ ഒഴിവിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയി 01.07.2024 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. എന്നാൽ 2024-25 ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി എച്ച്.എസ്.ടി

(ഇംഗ്ലീഷ്) തസ്തിക 15.07.2024 മുതൽ നഷ്ടപ്പെടുകയുണ്ടായി. തുടർന്ന് ടിയാളെ 15.07.2024 മുതൽ പത്തനംതിട്ട ജില്ലയിലെ കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ പുതുതായി അനുവദിക്കപ്പെട്ട എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ സ്ഥലംമാറ്റി നിയമിച്ചു. തസ്തികയില്ലാതെ ഉദയംപേരൂർ എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ൽ തുടർന്ന 01.07.2024 മുതൽ 14.07.2024 വരെയുള്ള കാലയളവ്, മാതൃ സ്കൂളായ നീരാവിൽ എസ്.എൻ.ഡി.പി.എച്ച്.എസ് ൽ യു.പി.എസ്.ടി തസ്തികയിൽ ആർക്കും നിയമനാംഗീകാരമോ ശമ്പളമോ നൽകിയിട്ടിട്ടില്ലാത്തതിനാൽ, ശ്രീമതി. വിപ്സി.വി.പി ടി സ്കൂളിൽ യു.പി.എസ്.ടി ആയി തുടർന്നുവന്നിരുന്നതായി കണക്കാക്കി ലാവണക്രമീകരണം നടത്തുവാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നും, തുടർന്ന് 15.07.2024 മുതലുള്ള കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം ഭിന്നശേഷി സംവരണം പാലിക്കുന്നതുവരെ താല്ക്കാലികാടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുവാൻ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകണം."

3. മാനേജരുടെ വാദങ്ങൾ പ്രകാരം, ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയം പുറപ്പെടുവിച്ചത് 15.10.2024 ലും, തസ്തിക കുറവ് ചെയ്യപ്പെട്ടത് 15.07.2024 മുതലും ആയതിനാൽ ടി സ്കൂളിൽ 01.06.2024 മുതൽ 14.07.2024 വരെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക ലഭ്യമാണ്. ആയതിനാൽ ശ്രീമതി. വിപ്സി.വി.പി യുടെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനാംഗീകാരം 01.07.2024 മുതൽ തുടർച്ചയായി നൽകുവാൻ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണം. അപ്രകാരം ലഭിച്ചാൽ 15.07.2024 മുതലുള്ള കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ നിയമനം സ്ഥലംമാറ്റമായി കണക്കാക്കി ഉത്തരവാകണം.

4. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, കൊല്ലം എസ്.എൻ.ഡി.പി യോഗം സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുള്ള എറണാകുളം ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ശ്രീമതി.ഷീന.കെ.സി 31.05.2024 ൽ വിരമിച്ച ഒഴിവിൽ നീരാവിൽ എസ്.എപൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.08.2025 ലെ ഇസി3/14338/2025/ഡിജഇ. നമ്പർ കത്ത്.ൻ.ഡി.പി. എച്ച്.എസ്.എസ് ലെ യു.പി.എസ്.ടി (പ്രൊവിഷണൽ) ശ്രീമതി. വിപ്സി.വി.പി യെ 01.07.2024 മുതൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയി നിയമിച്ചു. 2024-25 അധ്യയന വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം പിരീഡ് അടിസ്ഥാനത്തിൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക കണക്കാക്കിയപ്പോൾ 7 എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 01.07.2024 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം നിയമനാർത്ഥി ഉൾപ്പടെ 8 അധ്യാപകർ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലുള്ളതിനാൽ ഒഴിവ് സ്ഥാപിതമല്ലായെന്ന കാരണത്താൽ ശ്രീമതി. വിപ്സി.വി.പി യുടെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. അതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ, ടിയാളുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം താത്ക്കാലികമായി ശമ്പള സ്കെയിലിൽ അംഗീകരിച്ചിട്ടുള്ളതിനാൽ ടിയാളെ ചട്ടം 43 അവകാശിയായി പരിഗണിക്കാൻ കഴിയില്ല എന്ന കാരണത്താൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും നിരസിക്കുകയുണ്ടായി. 2024-25 അധ്യയന വർഷം ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ 7 എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 01.07.2024 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം നിയമനാർത്ഥി ഉൾപ്പടെ 8 അധ്യാപകർ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. 2023-24 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ശ്രീമതി. വിപ്സി. വി.പി യ്ക്ക് 14.07.2024 വരെ

നിലനിൽക്കുന്നതിനാവശ്യമായ ഒഴിവ് ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ ലഭ്യമായിരുന്നുള്ളൂ. തുടർന്ന് തസ്തിക ലഭ്യമല്ലാതിരുന്നതിനാൽ 15.07.2024 തീയതി പ്രാബല്യത്തിൽ ടിയാളെ പത്തനംതിട്ട കാരംവേലി എസ്.എൻ.ഡി.പി എച്ച്.എസ്.എസ് ലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നുവെങ്കിലും ടി നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചിട്ടുള്ളതാണ്. ശ്രീമതി വിപ്സി.വി.പി യ്ക്ക് ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ് ൽ നിലനിൽക്കുവാനുള്ള തസ്തിക 14.07.2024 വരെ മാത്രമേ ലഭ്യമാകുന്നുള്ളൂ. ആയതിനാൽ കെ.ഇ.ആർ ചട്ടങ്ങളുടേയും നിലവിലെ സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ് ലെ ശ്രീമതി വിപ്സി.വി.പി യുടെ 01.07.2024 മുതൽ 14.07.2024 വരെയുള്ള 14 ദിവസത്തെ സ്ഥാനക്കയറ്റ നിയമനം പരിഗണിക്കാനാവില്ല.

5. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ 01.06.2024 മുതൽ ഉണ്ടായ വിരമിക്കൽ ഒഴിവിലാണ് ശ്രീമതി വിപ്സി.വി.പി യെ 01.07.2024 മുതൽ എച്ച്.എസ്.ടി (ഇംഗ്ലീഷ്) ആയി നിയമിച്ചിട്ടുള്ളത്. ആ വർഷം പിരീഡ് അടിസ്ഥാനത്തിൽ തസ്തിക കണക്കാക്കിയപ്പോൾ 15.07.2024 മുതൽ ഒരു എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക നഷ്ടപ്പെട്ടതിനാൽ ശ്രീമതി വിപ്സി.വി.പി യുടെ നിയമനം നിരസിക്കുകയുണ്ടായി. തുടർന്ന് 15.07.2024 പ്രാബല്യത്തിൽ ടിയാളെ പത്തനംതിട്ട കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുകയുണ്ടായി. 01.07.2024 മുതൽ 14.07.2024 വരെയുള്ള കാലയളവിൽ നീരാവിൽ എസ്.എൻ.ഡി.പി.എച്ച്.എസ് ലെ യു.പി.എസ്.ടി തസ്തികയിൽ തുടർന്നു വന്നിരുന്നതായി കണക്കാക്കി ലാവണക്രമീകരണം നടത്തുവാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നും, 15.07.2024 മുതലുള്ള കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം ഭിന്നശേഷി സംവരണം പാലിക്കുന്നതുവരെ താല്ക്കാലികാടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുവാൻ പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നൽകണമെന്നുമാണ് പരാതിക്കാരിയുടെ ആവശ്യം. ശ്രീമതി. വിപ്സി.വി.പി യുടെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനാംഗീകാരം 01.07.2024 മുതൽ തുടർച്ചയായി നൽകുവാൻ എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും, 15.07.2024 മുതലുള്ള കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ നിയമനം സ്ഥലംമാറ്റമായി കണക്കാക്കണമെന്നുമാണ് മാനേജർ ആവശ്യപ്പെട്ടിട്ടുള്ളത്. 2023-24 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ശ്രീമതി. വിപ്സി. വി.പി യ്ക്ക് നിലനിൽക്കുന്നതിനാവശ്യമായ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തിക 14.07.2024 വരെ ഉദയംപേരൂർ എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് ടി തസ്തികയിൽ കാരംവേലി എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ 15.07.2024 മുതൽ തസ്തിക ലഭ്യമായിട്ടുണ്ട്.

6. ശ്രീമതി. വിപ്സി.വി.പി തസ്തികയില്ലാതെ ഉദയംപേരൂർ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ൽ തുടർന്ന 01.07.2024 മുതൽ 14.07.2024 വരെയുള്ള കാലയളവിൽ, മാതൃ സ്കൂളായ നീരാവിൽ എസ്.എൻ.ഡി.പി.എച്ച്.എസ് ൽ യു.പി.എസ്.ടി തസ്തികയിൽ ആർക്കും നിയമനാംഗീകാരമോ ശമ്പളമോ നൽകിയിട്ടില്ലാത്തതിനാൽ ശ്രീമതി. വിപ്സി.വി.പി ടി സ്കൂളിൽ യു.പി.എസ്.ടി ആയി തുടർന്നുവന്നിരുന്നതായി കണക്കാക്കി ലാവണം ക്രമീകരിക്കരിക്കുന്നതിന് മാനേജർക്ക് നിർദ്ദേശം നൽകിയും, ശ്രീമതി. വിപ്സി.വി.പി യുടെ 15.07.2024 മുതലുള്ള കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം, തസ്തികമാറ്റ നിയമനമായി കണക്കാക്കി, മറ്റെല്ലാവിധത്തിലും ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി

സംവരണ വ്യവസ്ഥകൾ പാലിക്കുന്നതുവരെ താല്കാലികാടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ അംഗീകരിച്ചു നൽകുന്നതിന് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയും പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, എറണാകുളം
മാനേജർ, എസ്.എൻഡി.പി. യോഗം സ്കൂൾസ്, കൊല്ലം 691001.
ശ്രീമതി. വിപ്സി വി.പി., എച്ച്.എസ്.ടി. (ഇംഗ്ലീഷ്), എസ്.എൻഡി.പി. എച്ച്.എസ്.എസ്., കാരംവേലി, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 18-11-2025 09:44:52

സെക്ഷൻ ഓഫീസർ